## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2616** **09.05.2017 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷി പ്രോത്സാഹന നടപടികൾ

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2016-17- ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 5673.38598 ലക്ഷം രൂപ ചെലവഴിച്ച് വിവധ പദ്ധതികൾ നടപ്പാക്കി. 2017-18 ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കു വേണ്ടി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും നഗര ക്ലസ്റ്റർ രൂപീകരണവും.<br>3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.<br>4. ജില്ലാ ക്ലസ്റ്റർ വികസനം.<br>5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>6. പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ.<br>7. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും.<br>8. പച്ചക്കറി സംഭരണത്തിനുള്ള ചെലവു കുറഞ്ഞ ശീതീകരണ അറകളുടെ പ്രോത്സാഹനം.<br>9. പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം<br>10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>11. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം |

12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം. ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.

14. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി

15. 'സേഫ്-ടു -ഈറ്റ്- ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം.

16. അവാർഡ് വിതരണം

17. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

18. മഴമറ നിർമ്മാണം

19. നന്നായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം.

S. [signature]

**സെക്ഷൻ ഓഫീസർ**